(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) തിരുവനന്തപുരം ഹോമിയോ കോളേജിൽ പഠിച്ചവർക്ക് ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കാലതാമസം വരുന്നതിനാൽ കോഴിക്കോട് കോളേജിൽ പഠിച്ച വിദ്യാർത്ഥികൾക്കൊപ്പം പി.എസ്.സി.യിൽ ഉദ്യോഗത്തിന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ വിദ്യാർത്ഥികൾക്കും ഉദ്യോഗത്തിന് അപേക്ഷ സമർപ്പിക്കാൻ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഗവണ്മെന്റ് ഹോമിയോ മെഡിക്കൽ കോളേജിൽ 25.10.93 ലും കോഴിക്കോട് കോളേജിൽ 18.10.93 ലുമാണ് പഠനം തുടങ്ങിയത്.

(ബി)&(സി) ഇല്ല. തിരുവനന്തപുരം ഹോമിയോ കോളേജിൽ നിന്നും പാസ്സായവർക്ക് 1.4.99 ലും കോഴിക്കോട് കോളേജിൽ നിന്നും പാസ്സായവർക്ക് 8.2.99 ലും ഇന്റേൺഷിപ്പ് ആരംഭിച്ചു. 1.4.99-ൽ ഇന്റേൺഷിപ്പ് ആരംഭിച്ചവർ 31.3.2000 ലും 8.2.99-ൽ ആരംഭിച്ചവർ 7.2.2000 ലും ഒരു വർഷ ഇന്റേൺഷിപ്പ് പൂർത്തിയാക്കും. തിരുവനന്തപുരം, കോഴിക്കോട് കോളേജുകൾ വ്യത്യസ്ത യൂണിവേഴ്സിറ്റികളുടെ കീഴിലായതിനാൽ പരീക്ഷകൾ വ്യത്യസ്ത കാലഘട്ടത്തിലാണ് നടന്നിട്ടുള്ളത്.

(ഡി) തിരുവനന്തപുരം കോളജിൽ 1.4.99 ന് ആരംഭിച്ച ഇന്റേൺഷിപ്പ് 31.3.2000-ൽ മാത്രമേ അവസാനിക്കുകയുള്ളൂ. അതുകൊണ്ട് ഇതിനകം അപേക്ഷ സമർപ്പിക്കേണ്ട പി.എസ്.സി. നിയമനങ്ങൾക്ക് ഇവർക്ക് അപേക്ഷിക്കാൻ സാധിക്കുകയില്ല.

(ഇ) ഇന്റേൺഷിപ്പ് ഇളവ് വരുത്തുന്നതിന് ബുദ്ധിമുട്ടാണ്.

കേരള സ്പോർട്ട്സ് കൗൺസിലിലെ കോച്ച് തസ്തികയിലേയ്ക്കുള്ള നിയമനം

171(1659)ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിൽ കോച്ച് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ അതനുസരിച്ച് ഓരോ വിഭാഗത്തിലും എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതേ തസ്തികയ്ക്ക് ഇതോടൊപ്പം മറ്റേതെങ്കിലും വിധത്തിൽ അപേക്ഷ ക്ഷണിച്ചിരുന്നോ;

(ഡി) എങ്കിൽ ഒരേ സമയം രണ്ടുതരത്തിൽ അപേക്ഷ ക്ഷണിക്കാനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്പോൺസർ ചെയ്ത യോഗ്യതയുള്ളവരെ ഒഴിവാക്കി യോഗ്യതയില്ലാത്ത പ്രായപരിധി കഴിഞ്ഞ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോച്ച് തസ്തികയ്ക്ക് അപേക്ഷിച്ചിരുന്നവർക്ക് ടെസ്റ്റ് നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ; ഇതു സംബന്ധിച്ച് സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; കോപ്പി ലഭ്യമാക്കുമോ;

(ജി) അവസാനം നടന്ന കോച്ച് തെരഞ്ഞെടുപ്പിന് അവലംബിച്ച മാനദണ്ഡം വിശദമാക്കുമോ; ഏതൊക്കെ യോഗ്യതയ്ക്കാണ് മുൻതൂക്കം നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) ഓരോ വിഭാഗങ്ങളിലും ലഭിച്ച അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1.	ബോക്സിംഗ്	-	2
2.	ബോഡി ബിൽഡിംഗ്	-	
3.	ബാൾ ബാറ്റ്മിന്റൺ	-	
4.	മാർച്ചറി	-	1
5.	സൈക്കിൾ പോളോ	-	2
6.	ഫെൻസിംഗ്	-	1
7.	ഫുട്ബോൾ	-	2
8.	ജൂഡോ	-	1
9.	കബഡി ഖോ-ഖോ	-	6
10.	തയ്ക്കൊണ്ടോ	-	1
11.	ടെബിഫോസ്റ്റ്	-	
12.	വോളീബാൾ	-	19
13.	വെയിറ്റ് ലിഫ്റ്റിംഗ്	-	
14.	സ്വിമ്മിംഗ്	-	9
15.	ബാസ്ക്കറ്റ് ബാൾ	-	6
16.	പവർലിഫ്റ്റിംഗ്	-	2
17.	ചെസ്സ്	-	-
18.	സൈക്കിളിംഗ്	-	1
19.	റണ്ണിംഗ്	-	3
20.	ഹാൻഡ്ബോൾ	-	4
21.	ടേബിൾ ടെന്നീസ്	-	-

(സി) കോച്ച് തസ്തികയിലേക്ക് പത്രദ്വാരാ വിജ്ഞാപനം വഴിയും അപേക്ഷ ക്ഷണിച്ചിരുന്നു.

(ഡി) മികച്ച കോച്ചുകളുടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കൗൺസിലിന്റെ നിയമോപദേശകൻ അംഗീകരിച്ച വിജ്ഞാപനമനുസരിച്ചാണ് പത്രപരസ്യം വഴിയും അപേക്ഷ ക്ഷണിച്ചത്. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ എംപ്ലോയ്മെന്റ് ആഫീസർ ഇതു സംബന്ധിച്ച് കേരള സ്പോർട്സ് കൗൺസിൽ ആഫീസിൽ വന്ന് രേഖകൾ പരിശോധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഇ) ഇല്ല. വിജ്ഞാപനത്തിൽ കുറഞ്ഞ പ്രായപരിധി മാത്രമാണ് നിശ്ചയിച്ചിരുന്നത്.

(എഫ്)ഉണ്ട്. 1999 ജൂലൈ 23-ാം തീയതി കൂടിയ കേരള സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച സെലക്ഷൻ ലിസ്റ്റിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി) എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മികവിന്റെ അടിസ്ഥാനത്തിലും സംവരണ തത്വം പാലിച്ചുമാണ് കോച്ചുകളെ തെരഞ്ഞെടുത്തിട്ടുള്ളത്.

സമഗ്ര തുറമുഖ വികസന പദ്ധതി

172 (1660)ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര തുറമുഖ വികസന പദ്ധതിയിൽ സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങളെ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ആഴക്കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ ആവശ്യത്തിന് വേണ്ടി കൂടുതൽ ഡ്രഡ്ജർ വാങ്ങുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) തുറമുഖവികസന പദ്ധതികൾക്ക് പരിസ്ഥിതി ക്ളിയറൻസ് നൽകാനുള്ള അധികാരം സംസ്ഥാനത്തിന് ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിന് സമഗ്ര തുറമുഖ വികസന പദ്ധതിയൊന്നും തന്നെ കേന്ദ്ര പദ്ധതിയിൽ നിലവിലില്ല.

(ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ആഴക്കുറവ് പരിഹരിക്കുന്നതിന് വേണ്ടി കാലാകാലങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുന്നുണ്ട്.

(സി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ആഴക്കുറവ് പരിഹരിക്കുന്നതിനുവേണ്ടി ഡ്രഡ്ജറുകൾ വാങ്ങുന്നതിനായി കേന്ദ്ര സഹായം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly